# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4372

**2016 ഒക്ടോബർ 25-ാം തീയതി മറുപടി നൽകേണ്ടത്**

ബഡ്ജറ്റ് പ്രകാരം തുക വകയിരുത്തിയ പദ്ധതികൾ

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ. | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) 2016-17 ബഡ്ജറ്റ് പ്രകാരം ചടയമംഗലം നിയോജക മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളതെന്ന വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | 2016-17 സാമ്പത്തിക വർഷത്തിൽ ചടയമംഗലം നിയോജക മണ്ഡലത്തിൽ തുക വകയിരുത്തിയിട്ടുള്ള പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) 2016-17 ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള ചടയമംഗലം നിയോജക മണ്ഡലത്തിലെ ഏതെങ്കിലും പദ്ധതി 'കിഫ്ബി' വഴി നിർവ്വഹിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി പാങ്ങോട് – കടയ്ക്കൽ- ചിങ്ങേലി – ചടയമംഗലം റോഡിന് 20 കോടി രൂപ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയ ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ പദ്ധതികളും കുടിവെള്ള പദ്ധതികളും സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാക്കുമ്പോഴേ മണ്ഡലത്തിൽ വരുന്ന പദ്ധതികളുടെ പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ. |

Manjusha

**അക്കൗണ്ട്സ് ഓഫീസർ**

# അനുബന്ധം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് |
|---|---|
| 1 | ആസ്തിവികസന പദ്ധതി പ്രകാരം അഞ്ചു കോടി രൂപയും, എം.എൽ.എ-മാരുടെ സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ട് പ്രകാരം, ഒരു കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |
| 2 | വയല വാസുദേവൻ പിള്ള സ്മാരകത്തിന് പ്രത്യേക ധനസഹായമായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| 3 | കോട്ടക്കൽ വില്ലേജാഫീസ് നവീകരണം |
| 4 | പൂയപള്ളി വില്ലേജാഫീസ് നവീകരണം |
| 5 | മാങ്കോട് വില്ലേജാഫീസ് നവീകരണം |
| 6 | കൊല്ലം മാൻഗോഡ് വില്ലേജാഫീസിന്റെ കോമ്പൗണ്ട് വാളിന്റെ നിർമ്മാണവും എക്സ്ട്രാ ഫെസിലിറ്റീസും (കറക്ടഡ് എ.എസ്) |
| 7 | ചടയമംഗലം സബ്ട്രഷറി ആഫീസ് കെട്ടിട നിർമ്മാണം |
| 8 | കൊല്ലം കടയ്ക്കൽ മിനിസിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം |
| 9 | കടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ |
| 10 | കൊല്ലം, ചടയമംഗലം പി.എച്ച് ,സെന്ററിൽ 50 കിടക്ക സൗകര്യത്തോടു കൂടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണം |
| 11 | കൊല്ലം, കടയ്ക്കൽ ഗ.വ എച്ച്.എസ്.എസിനു വേണ്ടി രണ്ടുനില കെട്ടിടത്തിന്റെ നിർമ്മാണം |
| 12 | കൊല്ലം, ചിതറ ഗവ. എച്ച്.എസ്.എസിനു വേണ്ടി രണ്ടു നില കെട്ടിടത്തിന്റെ നിർമ്മാണം |
| 13 | കൊല്ലം വയല ഗവ.എച്ച്.എസ്.എസിനു വേണ്ടി പത്ത് റൂം സൗകര്യമുള്ള രണ്ടു നില കെട്ടിടത്തിന്റെ നിർമ്മാണം |
| 14 | ആയൂർ ആയുർവേദ ഹോസ്പിറ്റലിൽ പുതിയ വാർഡ് നിർമ്മാണം |
| 15 | കടയ്ക്കൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിക്കായി ക്വാർട്ടേഴ്സ് നിർമ്മാണം |
| 16 | കുമ്മിൾ ജി.എച്ച്.എസ്.എസ് കെട്ടിട നിർമ്മാണം |
| 17 | നിലമേൽ സി.എച്ച്.സി കോമ്പൗണ്ട് വാൾ |
| 18 | പാരിപ്പള്ളി-മടത്തറ റോഡ് പുനർ നിർമ്മാണം നിലമേൽ മുതൽ പള്ളിക്കൽ വരെ |
| 19 | ഓയൂർ - പെരിയാകോഡ് റോഡ് പുനർ നിർമ്മാണം |
| 20 | ആയൂർ - ഇത്തിക്കര റോഡ് കി.മീ 0/000 മുതൽ 24/043 (ആദ്യ ഘട്ടം) 0/000 മുതൽ 5/400 വരെ (ചടയമംഗലം സെക്ഷൻ ) |
| 21 | പാങ്ങോട് - കടയ്ക്കൽ - ചീങ്ങേലി - ചടയമംഗലം റോഡ് |

Mayushi
സെക്ഷൻ ഓഫീസർ